[Mr. K. K. Chellappan Pillai.]

(ർ) അയ്യകാരം വല്ലതും വിലയ്ക്ക് കൊടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

(ഒ) ഉപയോഗശൂന്യമായി സൂക്ഷിച്ചിട്ടുള്ള കപ്പൽ സമുദ്രത്തിൽ നിന്നും മൽസ്യം പിടിക്കുന്നതിനുവേണ്ടി രൂപാന്തരപ്പെടുത്തുമോ?

HON'BLE MR. K. M. KORAH : സമുദ്രത്തിൽനിന്നും തീരപ്രദേശങ്ങളിൽ നിന്നും മൽസ്യം പിടിക്കുന്നതിനായി West Coast Fisheries (Travancore) Ltd. എന്ന ഒരു മൽസ്യവ്യവസായക്കമ്പനി ഗവണ്മെൻറു സഹായത്തോടുകൂടി ഫങ്ക്ഷൻസ്-ൽ രൂപീകരിച്ചു. ഇതിനകം മൽസ്യം പിടിക്കുന്നതിനുള്ള സകല ഏർപ്പാടുകളും ഈ കമ്പനി ചെയ്തു കഴിഞ്ഞിട്ടുണ്ട്. ചിങ്ങമാസത്തിൽ ശരിയായി പ്രവർത്തനം ആരംഭിക്കാമെന്നു പ്രതീക്ഷിക്കുന്നു. ഈ കമ്പനിവകയായി അഞ്ച് മൽസ്യപ്പിടിത്തക്കപ്പലുകൾ ഉണ്ട്. മൽസ്യം പിടിക്കുന്നതിനുള്ള ഉപകരണങ്ങൾ ആലപ്പുഴ യൂറോപ്പിൽ നിന്നുവരുത്തിച്ചേർന്നിട്ടുണ്ട്. നാട്ടുകാരായ മൽസ്യത്തൊഴിലാളികളെ ശാസ്ത്രീയമായ രീതിയിൽ ഉള്ള മൽസ്യപ്പിടിത്തം അഭ്യസിപ്പിക്കുന്നതിനായി Scotland-ൽ നിന്നും രണ്ടു വിദഗ്ദ്ധകുപ്പിത്താന്മാരെ വരുത്തിയിട്ടുണ്ട്.

ഇതുകൂടാതെ ഇൻഡ്യാ ഗവണ്മെൻറും തിരുവിതാംകൂർ ഗവണ്മെൻറും കൂടി സഹകരിച്ചു മൽസ്യവ്യവസായഗവേഷണം നടത്തുന്നതിനും ഉൾക്കടലിൽനിന്നും മൽസ്യം പിടിക്കുന്നതിനും ആയി ഒരു കപ്പൽ വാങ്ങിയിട്ടുണ്ട്. ഇതും ചിങ്ങമാസത്തിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്.

ക. ഉണ്ട്. ഒരു Motor Fishing vessel ഉണ്ട്.

ഖ. ന്വ,൫൦൦ രൂപ.

ന. പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ വരുമാനമില്ല.

ഘ. ഇല്ല.

ങ. കപ്പൽ ഉപയോഗശൂന്യമല്ലാത്തതിനാൽ ചോദ്യം ഉൽഭവിക്കുന്നില്ല

വിദ്യുച്ഛക്തിവിതരണം.

34. MR. K. K. CHELLAPPAN PILLAI : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

വിദ്യുച്ഛക്തി ഇപ്പോൾ വിതരണം നടന്നുകൊണ്ടിരിക്കുന്ന ടൌണുകളിൽ വിതരണം തല്ക്കാലം നിറുത്തിവയ്ക്കുന്നതിന് വല്ല ഉത്തരവുകളും ഗവണ്മെൻറു പുറപ്പെടുവിച്ചിട്ടുണ്ടോ? അതിനുള്ള കാരണങ്ങൾ എന്തെല്ലാം?

HON'BLE MR. A. ATCHUTHAN : No.

LIBRARY ARCHIVES Kerala Legislative Assembly